പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 538

6.3.2012-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്ക്കരണ മിഷൻെറ പ്രവർത്തനങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിൻെറ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതിൻെറ ഘടന വിശദമാക്കുമോ; | ബി) 1. **ദേശീയതലം**<br>നയ രൂപീകരണത്തിനും നിരീക്ഷണത്തിനുമായി ഉന്നതതലത്തിൽ ഒരു മിഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്.<br>2. **സംസ്ഥാനതലം**<br>സംസ്ഥാന തലത്തിൽ പ്രവർത്തികൾ ക്രോഡീകരിക്കാൻ വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെ മേധാവികളും വിദഗ്ദ്ധരും ഉൾപ്പെട്ട ഭക്ഷ്യ സംസ്ക്കരണ മിഷൻ രൂപീകരിച്ചു. കൂടാതെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (വ്യവസായം) കീഴിൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുകയും കിൻഫ്ര മാനേജിംഗ് ഡയറക്ടറെ മിഷൻ ഡയറക്ടറായി നിയോഗിക്കുകയും ചെയ്തു.<br>3. **ജില്ലാതലം**<br>ഓരോ ജില്ലയിലും പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു ജില്ലാ ഭക്ഷ്യ സംസ്ക്കരണ മിഷൻ രൂപീകരിച്ചു. |

സി) ഭക്ഷ്യ സംസ്ക്കരണ മിഷൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ?

സി) ഭക്ഷ്യ സംസ്ക്കരണ മിഷൻെറ ലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.

1. സംസ്ഥാനത്തു ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനിക വൽക്കരണത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക.
2. കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനും റീഫർ വെഹിക്കിൾസ് സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. മാനവ വിഭവശേഷി വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.
4. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ.

സെക്ഷൻ ഓഫീസർ